**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കെ മരണപ്പെട്ട രാഘവൻ നായർ എന്നയാളുടെ മകൻ ശ്രീ. ആർ. സന്തോഷ് കുമാർ ആശ്രിത നിയമനം സംബന്ധിച്ച് ഫയൽ ചെയ്ത TA No. 238/14 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.03.2016 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

**സ.ഉ(കൈ)നം.128/2017/തസ്വഭവ തീയതി, തിരുവനന്തപുരം,01/07/2017**

---

പരാമർശം:
1) ശ്രീ. ആർ. സന്തോഷ് കുമാർ സമർപ്പിച്ച TA No. 238/14 നമ്പർ കേസ്സിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2016-ലെ ഉത്തരവ്.
2) അഡ്വക്കേറ്റ് ജനറലിന്റെ 09.05.2016-ലെ C3/TA 238/14/AGO നമ്പർ കത്ത്.
3) സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ തീയതി, 24/5/1999.
4) സ.ഉ.(പി) നംപർ 14/2010/ഉ.ഭ.പ.വ തീയതി 22/04/2010.
5) സ.ഉ(സാധാ) നം. 1387/11/തസ്വഭവ, തീയതി 09.06.2011.
6) 28.02.2011 ലെ 9798/ഉ.പ.സി 02/2004/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
7) കൊല്ലം ജില്ലാ കളക്ടറുടെ 11.08.2008 ലെ ഡി.ഡിസ് S4-17675/2008 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ഫെറിമാനായിരിക്കേ 04.04.2007-ൽ മരണമടഞ്ഞ കെ. രാഘവൻ നായരുടെ വിവാഹിതനായ മകൻ ശ്രീ. ആർ. സന്തോഷ് കുമാർ 06.10.2007-ൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ടി കാലയളവിൽ വിവാഹിതരായ മക്കൾ ആശ്രിതനിയമനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ 09.12.2008-ലെ 17848/EPA2/07/LSGD നം. കത്ത് പ്രകാരം നിരസിക്കുകയും ആയതിനെതിരെ ടിയാൻ ഫയൽ ചെയ്ത WP(C) No. 5856/11 നമ്പർ കേസിലെ കോടതി ഉത്തരവ് സൂചന(5) ഉത്തരവ് പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു.

2. കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കെ മരണപ്പെട്ട രാഘവൻ നായർ എന്നയാളുടെ മകൻ ശ്രീ. ആർ. സന്തോഷ് കുമാർ സമർപ്പിച്ച TA No. 238/14 നമ്പർ(WP(c)No. 19514/2011 of Hon'ble Hogh Court Of Kerala) അപേക്ഷയിന്മേൽ

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. ആർ. സന്തോഷ് കുമാറിന്റെ യോഗ്യതകളും, ആശ്രിത നിയമനത്തിനുള്ള മറ്റ് വ്യവസ്ഥകളും, പരിഗണനയിലുള്ള അപേക്ഷയും പരിശോധിച്ച് ടിയാനെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. ശ്രീ. ആർ. സന്തോഷ് കുമാറിനെ 30.06.2016 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. വിശദമായ പരിശോധനയിൽ എക്സിബിറ്റ് പി13 & പി14 റിവ്യൂ അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിച്ചതിനാലും പരാമർശം (6) ലെ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കണക്കിലെടുത്തും ടിയാന് ആശ്രിത നിയമന വ്യവസ്ഥ പ്രകാരമുള്ള അപേക്ഷ പരിഗണനയ്ക്ക് അർഹതയുണ്ടെന്ന് കണ്ടെത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ഫെറിമാനായിരിക്കേ 04.04.2007 ലാണ് കെ. രാഘവൻ നായർ നിര്യാതനാവുന്നത്. അപേക്ഷകൻ ശ്രീ. ആർ. സന്തോഷ് കുമാർ പരേതന്റെ മകനാണ്. അപേക്ഷന്റെ ജനനതീയതി 20.05.1974 ആണ്. അപേക്ഷകൻ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

5. അപേക്ഷയോടൊപ്പം പരേതനായ കെ. രാഘവൻ നായരുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 1,20,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കൊല്ലം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ഫെറിമാനായിരിക്കേ 04.04.2007-ൽ മരണമടഞ്ഞ കെ. രാഘവൻ നായരുടെ വിവാഹിതനായ മകൻ ശ്രീ. ആർ. സന്തോഷ് കുമാറിന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം 3-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

7. പരാമർശം(3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ കെ. രാഘവൻ നായരുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

8. പരാമർശം (1) പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.03.2016 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. ആർ.സന്തോഷ് കുമാർ, ഇടമനത്തുണ്ടിൽ വീട്, പിടവൂർ. പി.ഓ, പത്തനാപുരം, കൊല്ലം
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പിറവന്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കൊല്ലം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(04.05.2017 ലെ റൂൾസ്-3/310/2017/ഉ.ഭപവ നമ്പർ കുറിപ്പ് പ്രകാരം)
നിയമ വകുപ്പ്(16.06.2017 ലെ 12782/ഉപദേശം-ഡി3/17/നിയമം നമ്പർ കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ് (EPA3/44153/11/LSGD നമ്പർ ഫയൽ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ